**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 998** **06-10-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി ബില്ലിംഗ് രീതിയിലെ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ ബില്ലിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ബില്ലിംഗ് സമ്പ്രദായത്തിൽ കേരള വാട്ടർ അതോറിറ്റി നിലവിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ കടലാസ് രഹിത ഹരിത പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രിന്റ് ചെയ്ത ബില്ലുകൾക്ക് പകരം എസ്.എം.എസ് ആയി അയക്കുന്ന രീതിയാണ് തിരുവനന്തപുരം നഗരത്തിൽ ഇപ്പോഴുള്ളത്. |
| (ബി) | പുതിയ സമ്പ്രദായ പ്രകാരം ബില്ലുകൾ നൽകുമ്പോൾ പിഴവുകൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ബില്ലിംഗ് സമ്പ്രദായത്തിൽ കേരള വാട്ടർ അതോറിറ്റി നിലവിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ പിഴവുകൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല . |
| (സി) | വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിൽ ഉപയോഗിച്ച വെള്ളത്തിന്റെ അളവിനോടൊപ്പം ഈടാക്കുന്ന നിരക്കും മുൻ കുടിശ്ശികയും ചേർക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട നിർദേശം നൽകുമോ? | (സി) | വാട്ടർ അതോറിറ്റി നൽകുന്ന പ്രിന്റ് ചെയ്ത ബില്ലിൽ ഉപയോഗിച്ച വെള്ളത്തിന്റെ അളവിനോടൊപ്പം ഈടാക്കുന്ന നിരക്കും മുൻ കുടിശ്ശികയും ചേർക്കാറുണ്ട്. എന്നാൽ എസ്.എം.എസ് സംവിധാനത്തിൽ നിലവിൽ ഉപഭോക്താക്കൾക്ക് അടക്കുവാനുള്ള തുക മാത്രം ആണ് കാണിക്കുന്നത്. എന്നാൽ ഓൺലൈനായി ബിൽ ലഭിക്കുന്നതിൽ, വെള്ളത്തിന്റെ അളവിനോടൊപ്പം ഈടാക്കുന്ന നിരക്കും മുൻ കുടിശ്ശികയും ഉൾപെടുത്തിയിട്ടുള്ളത് കാണുവാനും പ്രിന്റ് ചെയ്യുവാനുമുള്ള സംവിധാനം വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പെയ്മെന്റ് സൈറ്റിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ